## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5399 1.7.2014- ലെ മറുപടിക്ക്

## മണൽഖനനംവഴി വാണിജ്യനികുതി വരുമാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നടക്കുന്ന മണൽഖനനംവഴി ഖജനാവിലേക്ക് വാണിജ്യ നികുതി ഇനത്തിൽ വരുമാനം ലഭിക്കുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് നടക്കുന്ന മണൽഖനനം വഴി ഖജനാവിലേക്ക് വാണിജ്യ നികുതി ഇനത്തിൽ വരുമാനം ലഭിക്കുന്നുണ്ട്. 2012-13 സാമ്പത്തിക വർഷം 16.54 കോടി രൂപ പ്രസ്തുത ഇനത്തിൽ ലഭിച്ചു. |
| (ബി) ശതകോടികളുടെ കച്ചവടം നടന്നിട്ടും സാമ്പത്തിക അസന്തുലിതാവസ്ഥയും പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടായിട്ടും സർക്കാർ ഇടപെടൽ ഫലം കാണുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുമോ ? | (ബി) കേരളത്തിനു പുറത്തു നിന്നും സംസ്ഥാനത്തിനുള്ളിലേയ്ക്ക് മണൽ കൊണ്ടുവരുമ്പോൾ മുൻകൂർ നികുതി ചെക്ക് പോസ്റ്റിൽ കളക്ട് ചെയ്യാറുണ്ട്. പഞ്ചായത്തുകൾ വില്ക്കുന്ന മണലിന് അവർ നികുതി പിരിച്ചെടുത്ത് അടയ്ക്കാറുണ്ട്. മൂല്യവർദ്ധിത നികുതി നിയമം അനുശാസിക്കുന്ന രേഖകൾ കൈവശമില്ലാതെ മണൽ കടത്തുമ്പോൾ ആവശ്യമായ നിയമനടപടികൾ വാണിജ്യ നികുതി വകുപ്പ് സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ